(എഫ്)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,325 പേർക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

21 (2712) ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പും പഞ്ചായത്ത് വകുപ്പും സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അല്ലെങ്കിൽ ഈ രണ്ട് വകുപ്പിലേയും ഉദ്യോഗസ്ഥൻമാരെ ഒരു വിഭാഗമായി കണക്കിലെടുത്ത് പുതിയ എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശമുണ്ടോ;

(ബി) ഇത്തരത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകളെ എങ്ങനെ ബാധിക്കുമെന്ന് ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ടോ;

(സി) ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ബാബുപോളിനെ കമ്മീഷനായി നിയമിച്ചിരുന്നുവോ;

(ഡി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗ്രാമവികസന ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) 29.4.99-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)368/99/ജി.എഡി. പ്രകാരം ഇപ്പോൾ സെക്രട്ടേറിയറ്റ് തലത്തിൽ മാത്രമാണ് വകുപ്പു സംയോജനം നടപ്പിലാക്കിയിരിക്കുന്നത്. ഫീൽഡ് ഡിപ്പാർട്ട്മെന്റുകളുടെ ഘടനയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി) ഇപ്പോൾ പ്രസക്തമല്ല.

(സി) സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു.

(ഡി)&(ഇ) റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

22 (2713) ബ്ലോക്ക് സെക്രട്ടറിയെ മർദ്ദിച്ച സംഭവം

ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്ത് ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മർദ്ദിച്ചതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly